B232/2021

ഫിഷറീസ് സബ് ഇൻസ്പെക്ടറുടെ കാര്യാലയം
മീങ്കര റിസർവോയർ മൽസ്യ വിത്തുല്പാദന കേന്ദ്രം
മീങ്കര ഡാം (പി. ഒ.)
പാലക്കാട് – 678507
തീയതി: 08.11.2021
Email: meenkarasif@gmail.com
Phone : 8547705877

## ദർഘാസ് പരസ്യം

കേരള സർക്കാർ ഫിഷറീസ് വകുപ്പിൽ നിന്നും ലഭിച്ച ഭരണാനുമതി പ്രകാരം മീങ്കര റിസർവോയർ മൽസ്യ വിത്തുല്പാദന കേന്ദ്രത്തിലെ മൽസ്യക്കുളങ്ങളിൽ പടുത ( പോണ്ട് ലൈനർ ) സ്ഥാപിക്കുന്നതിന് താല്പര്യമുള്ള വ്യക്തികൾ / സ്ഥാപനങ്ങളിൽ നിന്നും മുദ്ര വെച്ച ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു.

| | |
|---|---|
| പ്രവർത്തിയുടെ പേര് | മീങ്കര റിസർവോയർ മൽസ്യവിത്തുത്പാദന കേന്ദ്രം - പടുത / പോണ്ട് ലൈനർ സ്ഥാപിക്കൽ |
| പ്രവർത്തിയുടെ സവിശേഷതകൾ / നിബന്ധനകൾ / അളവുകൾ | **1. ഏരിയ : ആകെ 35 cent, 2 കുളങ്ങൾ**<br>**2. നിബന്ധനകൾ**<br>മൽസ്യവളർത്ത് ടാങ്കുകളിലെ ഉപരിതലം ശെരിയായ നിരപ്പ് നിലനിർത്തുന്നതിന് അത്യാവശ്യം വേണ്ടിവരുന്ന സിമന്റ് അറ്റകുറ്റപണികൾ നിർവഹിക്കേണ്ടതും ആയതിന് ശേഷം മൽസ്യവളർത്ത് ടാങ്കുകൾ പൂർണമായും സംരക്ഷിക്കുന്ന തരത്തിൽ പടുത വിരിക്കേണ്ടതുമാണ്. പടുത വിരിച്ചിട്ടുള്ള കുളങ്ങളിൽ അധികമായി സംഭരിക്കുന്ന വെള്ളം ഒഴുക്കി കളയുന്നതിനുള്ള outlet പൈപ്പുകൾ പടുതയോടൊപ്പം സ്ഥാപിക്കേണ്ടതാണ്. കുളങ്ങളിൽ വിരിച്ചിട്ടുള്ള പടുത ബണ്ടുകളിൽ നിന്നും ഇളകി വരാത്ത തരത്തിൽ കുളങ്ങൾക്ക് ചുറ്റും pack ചെയ്യേണ്ടതാണ്.<br>**3. പടുതയുടെ സവിശേഷതകൾ: 550 GSM PVC coated Nylon fabric**<br>**4. മറ്റ് വ്യവസ്ഥകൾ**<br>• ദർഘാസ് സമർപ്പിക്കുന്ന സ്ഥാപനം GST രെജിസ്ട്രേഷൻ നിലവിൽ ഉള്ളതായിരിക്കണം<br>• ദർഘാസ് വില, നിരത ദ്രവ്യം, സെക്യൂരിറ്റി നിക്ഷേപം എന്നിവയിൽ ഇളവുള്ള സ്ഥാപനങ്ങൾ പ്രസ്തുത സർക്കാർ ഉത്തരവിന്റെ പകർപ്പ് ഹാജരാക്കേണ്ടതാണ്<br>• നികുതിയുൾപ്പടെയുള്ള തുകയാണ് പടുതയുടെ വിലയായി ദർഖാസിൽ രേഖപ്പെടുത്തേണ്ടത്<br>• സപ്ലൈ ചെയ്യാനുദ്ദേശിക്കുന്ന സാധനത്തിന്റെ വ്യക്തമായ വിവരണം / സ്പെസിഫിക്കേഷൻ ദർഖാസിൽ രേഖപ്പെടുത്തേണ്ടതാണ്<br>• ദർഘാസുകളോടൊപ്പം ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രവർത്തിയുടെ വിശദമായ എസ്റ്റിമേറ്റും സ്കെച്ച് / പ്ലാൻ / മേപ്പ് എന്നിവയും വെക്കേണ്ടതാണ്, അല്ലാത്ത ദർഘാസുകൾ |

| | |
|---|---|
| | നിരസിക്കുന്നതാണ്.<br>• സപ്ലൈ ചെയ്യാനുദ്ദേശിക്കുന്ന സാധനത്തിന്റെ സാമ്പിളുകൾ സ്വന്തം നിലയിൽ ഹാജരാക്കേണ്ടതാണ്<br>• ടി ദർഘാസുമായി ബന്ധപ്പെട്ട് സർക്കാരിലേക്ക് ഒടുക്കേണ്ടതായ എല്ലാ തരം നികുതികളും വിൽപനക്കാർ യഥാവിധി ഒടുക്കേണ്ടതാണ്<br>• സപ്ലൈ ചെയ്യാനുദ്ദേശിക്കുന്ന സാധനത്തിന്റെ ഗ്യാരണ്ടി / വാറണ്ടി / സർവീസ് എന്നിവയെക്കുറിച്ചുള്ള വിശദാംശങ്ങൾ ദർഘാസ് ഫോറത്തിൽ ഉൾപ്പെടുത്തേണ്ടതാണ്<br>• ദർഘാസ് ഫോറത്തോടൊപ്പം 200 രൂപ മുദ്ര പാത്രത്തിൽ പ്രിലിമിനറി എഗ്രിമെന്റ് ഹാജരാക്കേണ്ടതാണ്.<br>• ദർഘാസ് അംഗീകരിച്ച അറിയിപ്പ് ലഭിക്കുന്ന മുറയ്ക്ക് സെക്യൂരിറ്റി തുക സഹിതം 200 രൂപയുടെ മുദ്ര പാത്രത്തിൽ ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥനുമായി എഗ്രിമെന്റ് വെച്ച് 15 ദിവസത്തിനകം ടി പ്രവർത്തികൾ പൂർത്തീകരിക്കേണ്ടതാണ്<br>• യാതൊരു സാഹചര്യത്തിലും അഡ്വാൻസ് തുക നൽകുന്നതല്ല |
| അടങ്കൽ തുക | **Rs. 3,50,000/-** |
| ദർഘാസ് ഫോറത്തിന്റെ വില | **Rs. 1000 /-** |
| ദർഘാസ് ഫോറത്തിന്റെ വില്പന അവസാനിക്കുന്ന തിയതി/ സമയം | **07.12.2021 ഉച്ചയ്ക്ക് 12 മണി** |
| ദർഘാസ് സ്വീകരിക്കുന്ന അവസാന തിയതി / സമയം | **07.12.2021 വൈകുന്നേരം 5 മണി** |
| ദർഘാസ് തുറക്കുന്ന തിയതി / സമയം | **08.12.2021 പകൽ 11 മണി** |

ദർഘാസ് സമർപ്പിക്കുന്ന കവറിനു പുറത്ത് **"പടുത / പോണ്ട് ലൈനർ സ്ഥാപിക്കുന്നതിനുള്ള ദർഘാസ്"** എന്ന് രേഖപ്പെടുത്തേണ്ടതാണ്. മുദ്ര വെച്ച ദർഘാസുകൾ മേൽസൂചിപ്പിച്ച നിശ്ചിത സമയത്തിനുള്ളിൽ "ഫിഷറീസ് സബ് ഇൻസ്പെക്ടർ, മീങ്കര റിസെർവോയർ മൽസ്യവിത്തുത്പാദന കേന്ദ്രം, മീങ്കര ഡാം (PO), പാലക്കാട് - 678507" എന്ന വിലാസത്തിൽ അയച്ച് തരുകയോ നേരിൽ സമർപ്പിക്കുകയോ ചെയ്യേണ്ടതാണ്. വൈകി ലഭിക്കുന്ന ദർഘാസുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. ദർഘാസ് സമർപ്പിച്ചവരുടെ / പ്രതിനിധി-കളുടെ സാന്നിധ്യത്തിൽ മേൽസൂചിപ്പിച്ച തിയ്യതിയിലും സമയത്തും ദർഘാസുകൾ തുറക്കുന്നതായിരിക്കും. ദർഘാസുകളോടൊപ്പം ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രവർത്തിയുടെ ആകെ എസ്റ്റിമേറ്റ് തുകയുടെ **1%** നിരതദ്രവ്യമായി "ഫിഷറീസ് സബ് ഇൻസ്പെക്ടർ, മീങ്കര ഡാം, പാലക്കാട്" എന്ന പേരിൽ ദേശസാൽക്കൃത ബാങ്കുകളിൽ നിന്നും എടുത്ത ഡിമാൻഡ് ഡ്രാഫ്റ്റ് വെക്കേണ്ടതാണ്. നിരതദ്രവ്യം ഇല്ലാത്ത

ദർഘാസുകൾ നിരസിക്കുന്നതാണ്. പ്രവർത്തിക്കുള്ള ഉത്തരവ് ലഭിച്ചാൽ പ്രവർത്തി പൂർത്തീകരിക്കുന്നതിന് ആവശ്യമായ സമയം ദർഘാസിൽ രേഖപ്പെടുത്തേണ്ടതാണ്. പ്രവർത്തിയുമായി ബന്ധപ്പെട്ട എല്ലാ അനുബന്ധ ചിലവുകളും സ്വന്തം നിലയിൽ ദർഘാസ് സമർപ്പിക്കുന്ന വ്യക്തി നിർവഹിക്കേണ്ടതാണ്.

യാതൊരു കാരണവശാലും ദർഘാസ് ഫോറത്തിന്റെ വില തിരിച്ച് നൽകുന്നതല്ല. യാതൊരു കാരണവും കൂടാതെ ദർഘാസുകൾ സ്വീകരിക്കുന്നതിനും നിരാകരിക്കുന്നതിനുള്ള പൂർണമായ അധികാരം താഴെ ഒപ്പിട്ടിരിക്കുന്ന ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമായിരിക്കും. സർക്കാർ ദർഘാസുകൾക്ക് ബാധകമായ എല്ലാ നിയമ വ്യവസ്ഥകളും ഈ ദർഘാസിനും ബാധകമായിരിക്കും. ദർഘാസ് നടപടികളെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്കും ഫോറത്തിനും പ്രവർത്തി സമയങ്ങളിൽ മീങ്കര ഫിഷറീസ് സബ്ഇൻസ്പെക്ടർ ഓഫീസുമായി നേരിൽ ബന്ധപ്പെടാവുന്നതാണ്.

മീങ്കര
08.11.2021

മീങ്കര ഡാം

സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്
മീങ്കര റിസർവോയർ മൽസ്യ
വിത്തുല്പാദന കേന്ദ്രം
മീങ്കര ഡാം (പി. ഒ.)
പാലക്കാട് 678507